AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR 111. 07.08.2019

**തേനീച്ചകൃഷി മേഖലയിൽ ഇൻഷുറൻസ് പരിരക്ഷയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യയും അനിവാര്യം: ഗവർണർ**

രാജ്യത്ത് തേൻ ഉത്പാദനത്തിന്റെ 70 ശതമാനവും കേരളത്തിൽ നിന്നാണ്. സംസ്ഥാനത്ത് പ്രധാന വിളകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പദ്ധതി തേനീച്ചകൃഷി മേഖലയിൽ കൂടി നടപ്പിൽ വരുത്തണം. അതുപോലെ തേൻ, തേനുൽപന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക വിദ്യകൾ എല്ലാകർഷകരിലേയ്ക്കും എത്തിക്കുന്നതിനുള്ള സംവിധാനവും അത്യാവശ്യമാണെന്ന് ഗവർണർ ജസ്റ്റിസ് (റിട്ട) പി. സദാശിവം ആവശ്യപ്പെട്ടു. തേനീച്ച കർഷകരുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ഇൻഡിജീനസ് എപ്പികൾച്ചറിസ്റ്റിന്റെ 11-ാം വാർഷികത്തോടനുബന്ധിച്ച് നബാർഡ്, ഖാദി ഗ്രാമവ്യവസായ കമ്മീഷൻ, ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, ഫാർമിംഗ് കോർപ്പറേഷൻ എന്നിവരുടെ സഹകരണത്തിൽ ആഗസ്റ്റ് 7 മുതൽ 10 വരെ തിരുവനന്തപുരം വി.ജെ.റ്റി ഹാളിൽ സംഘടിപ്പിച്ചിട്ടുള്ള ദേശീയ തേനീച്ച കർഷക സംഗമവും തേൻ മേളയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ആദ്ദേഹം.

115 പ്രധാന വിളകളിൽ 87 എണ്ണവും പ്രാണികളുടെ പരാഗണം നിമിത്തമാണ് പുഷ്പിക്കുന്നതും കായ്ഫലമെത്തുന്നതും. ഇതിൽതന്നെ 80

ശതമാനവും തേനീച്ചകളെ ആശ്രയിച്ചാണുള്ളത്. അതുകൊണ്ടു തന്നെ ഭൂമുഖത്ത് ജീവന്റെ നിലനിൽപ്പിന് തേനീച്ചകളുടെ പ്രാധാന്യം വ്യക്തമാണെന്ന് ഗവർണർ സൂചിപ്പിച്ചു. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിന് തേനീച്ചകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നിലവിൽ ഇന്ത്യൻ, ഇറ്റാലിയൻ, സ്റ്റിംഗ്ലെസ് എന്നീ ഇനത്തിൽ 3 തരം തേനീച്ചകളാണ് കർഷകർ വളർത്തുന്നത്. പാറകളിൽ കാണുന്ന തേനീച്ച, ചെറുതേനീച്ച എന്നിവയെയും വൻതോതിൽ കൃഷിചെയ്യിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ നമുക്ക് ആവശ്യമാണ്. കാർഷിക സർവകലാശാല, ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കേന്ദ്രം എന്നിവ തേനീച്ചകൃഷിയുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ ഇതു വളർത്തിയെടുക്കേണ്ടതായിട്ടുണ്ടെന്നും ഗവർണർ പറഞ്ഞു. ഫെഡറേഷൻ ഓഫ് ഇൻഡിജീനസ് എപ്പികൾച്ചറിസ്റ്റിന്റെ (ഫിയ) പ്രവർത്തനങ്ങൾ ഗവർണർ അഭിനന്ദിക്കുകയുണ്ടായി. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും കർഷകരുടെ വരുമാന വർദ്ധനവിലും ഫിയ നടത്തിയിട്ടുള്ള ഇടപെടലുകൾ ശ്രദ്ധേയമാണ്. തേനിന്റെ മൂല്യവർദ്ധനമേഖലയ്ക്ക് വളരെയേറെ സാധ്യതകളാണുള്ളത്. കൃഷി വകുപ്പിന്റെ അന്താരാഷ്ട്ര ശില്പശാലയായ 'വൈഗ' മേളയിൽ കഴിഞ്ഞ 2 വർഷം തേൻ പ്രധാന വിഷയമായിരുന്നു. പുതിയ സംരഭകരെ കണ്ടെത്തുന്നതിനും സഹായം നൽകുന്നതിനും വൈഗ ശില്പശാലയ്ക്കു സാധ്യമായിട്ടുണ്ടെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

തേനീച്ചകൃഷിയുമായി ബന്ധപ്പെട്ട് ആകർഷകമായ പദ്ധതികൾ നടപ്പിലാക്കാൻ കൃഷി വകുപ്പ് ലക്ഷ്യമിട്ടിരിക്കുകയാണെന്നും അടുത്തവർഷം മുതൽ തേനീച്ചകൃഷിയും ഇൻസുറൻസ് പരിരക്ഷയിൽ കൊണ്ടു വരുന്ന കാര്യത്തിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ധ്യക്ഷ പ്രസംഗം നടത്തിയ

കൃഷി മന്ത്രി വി. എസ് സുനിൽ കുമാർ സൂചിപ്പിച്ചു. 2017 ൽ തേനീച്ചകൃഷിയെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തുവാൻ സർക്കാരിന് കഴിഞ്ഞു. മികച്ച തേനീച്ച കർഷകർക്കുളള അവാർഡു കൃഷി വകുപ്പ് കഴിഞ്ഞവർഷം ആരംഭിക്കുകയുണ്ടായി. മാവേലിക്കരയിൽ ആരംഭിച്ചിട്ടുളള ഹണി പാർക്കിലൂടെ 30 ടൺ തേൻ സംസ്കരിച്ച് 'അമൃത്ഹണി' എന്ന ലേബലിൽ വിപണനം ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം കണ്ണാറയിൽ വാഴപ്പഴം-തേൻ അധിഷ്ഠിത അഗ്രോ പാർക്ക് തുടങ്ങുന്നതിന് ധാരണയായിട്ടുണ്ടെന്നും കൃഷിമന്ത്രി അിറയിച്ചു.

ചടങ്ങിൽ ഫിയ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ച ക്വിസ് മത്സരങ്ങളിലെ വിജയികൾക്കുളള സമ്മാന വിതരണം ഗവർണർ നിർവ്വഹിച്ചു. യോഗത്തിനു ശേഷം ഗവരണറും പത്നി സരസ്വതി സദാശിവവും മേള സന്ദർശിക്കുകയും ചെയ്തു. ഫിയ ജനറൽ സെക്രട്ടറി ഡോ. സ്റ്റീഫൻ ദേവനേശൻ ചടങ്ങിന് സ്വാഗതം പറഞ്ഞു. ഖാദി ആന്റ് ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജോയിന്റ് സെക്രട്ടറി ആന്റ് സി. ഇ. ഒ ബരാമദിക്കർ പ്രത്യേക സംഭാഷണം നടത്തി. നബാർഡ് ജനറൽ മാനേജർ ഉഷാ പി.റ്റി, മുഖ്യപ്രഭാഷണവും നടത്തി. ഫിയ പ്രസിഡന്റ് സജയകുമാർ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്., ഹോർട്ടികോർപ്പ് മാനേജിംഗ് ഡറയക്ടർ ജെ.സജീവ് എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**